മാതൃഭൂമി
സത്യം സമത്വം സ്വാതന്ത്ര്യം

1160 വൃശ്ചികം 24 ഞായർ
ശകാബ്ദം 1906 ആഗ്രഹായണം 18--1405 റ. അവ്വൽ 15

അധികാരമൊഴിയുമ്പോഴം ഭൂമിയിൽ എന്റെ എല്ലാ സുഹൃത്തുക്കളേയും നഷ്ടപ്പെടുന്ന വിധത്തിലാണ് ഞാൻ ഭരണം നടത്തുന്നതെങ്കിൽ പോലും ഒരൊററ സുഹൃത്ത് അപ്പോഴും ഒളിഞ്ഞിരിക്കുന്നുണ്ടാകും—എന്റെ മനസ്സാക്ഷി.

—അബ്രഹാം ലിങ്കൺ

# വിഷവാതക ദുരന്തത്തിന്നു ശേഷം

ഭോപ്പാലിലെ വിഷവാതക ദുരന്തത്തെത്തുടർന്നു കിട്ടിവരുന്ന റിപ്പോർട്ടുകൾ അതുസംബന്ധിച്ച് ആളുകൾക്കുള്ള സംശയങ്ങൾക്ക് ഉത്തരങ്ങൾ നൽകുന്നതിനേക്കാളേറെ പുതിയ പല ചോദ്യങ്ങളും ഉയർത്തുന്നതായാണ് കാണുന്നത്! അവയിൽ ഏററവും ശ്രദ്ധേയമായത് അമേരിയ്ക്കയിലെ യൂനിയൻ കാർബൈഡ് കോർപ്പറേഷൻ ചെയർമാൻ മി. വാറൻ ആൻഡേഴ്സന്റെ അറസ്റ്റാണ്. ഭോപ്പാൽ വിമാനത്താവളത്തിൽ വന്നിറങ്ങിയ ഉടനെ അദ്ദേഹവും കമ്പനിയുടെ ഇന്ത്യൻ ശാഖയുടെ ചില ഉയർന്ന ഉദ്യോഗസ്ഥന്മാരും അറസ്റ്റ് ചെയ്യപ്പെട്ടു. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ, ജാമ്യമനുവദിയ്ക്കാൻ പാടില്ലാത്ത, ചില വകുപ്പുകളനുസരിച്ച് കുററം ചുമത്തിയായിരുന്നു അറസ്റ്റ്. പക്ഷെ കോടതി പിന്നീടദ്ദേഹത്തെ 25000 ക.യുടെ ആൾ ജാമ്യത്തിൽ വിട്ടയച്ചു. അദ്ദേഹം ഭോപ്പാലിൽ നിന്നു ദൽഹിയിലേയ്ക്ക് പോവുകയും ചെയ്തു. ശല്യമില്ലാതെ തിരിച്ചുപോകാൻ അനുവദിയ്ക്കും എന്നു ഇന്ത്യാ ഗവർമ്മെണ്ടിന്റെ ഉറപ്പ് കിട്ടിയ ശേഷമാണ് അദ്ദേഹം അവിടെ എത്തിയതെന്ന മററൊരു റിപ്പോർട്ടുമുണ്ട്. അദ്ദേഹത്തേയും മററു ഉദ്യോഗസ്ഥന്മാരേയും ''സംരക്ഷണാർത്ഥം'' കസ്റ്റഡിയിൽ എടുത്തതാണെന്നത്രെ, പിന്നീട്, ഇതുസംബന്ധിച്ച് കിട്ടിയ ഒരു വ്യാഖ്യാനം. ഈ സംഭവങ്ങൾ നടക്കുന്നത് വെള്ളിയാഴ്ച രാവിലെയാണ്. തെരഞ്ഞെടുപ്പ് പര്യടനം നടത്തിവരുന്ന പ്രധാനമന്ത്രി രാജീവ്ഗാന്ധി, വ്യാഴാഴ്ച രാത്രി ഭോപ്പാലിന്നടുത്തുള്ള മററൊരു നഗരമായ സാഗറിലായിരുന്നു. അദ്ദേഹത്തിന്റെ അറിവു കൂടാതെയാണോ ആൻഡേഴ്സന്റെ അറസ്റ്റ് നടന്നത്? അറസ്റ്റിന്നിടയാക്കുന്ന കുററം അദ്ദേഹം ചെയ്തതിന്നു പ്രഥമ ദൃഷ്ടിയാൽ തെളിവുണ്ടെങ്കിൽ, അദ്ദേഹത്തെ അറസ്റ്റ് ചെയ്യില്ലെന്നു മദ്ധ്യപ്രദേശ് ഗവർമ്മേണ്ടിന്റെ അറിവോ അനുമതിയോ കൂടാതെ ഉറപ്പു നൽകാൻ ദൽഹിയിൽ ഏതെങ്കിലും ഉദ്യോഗസ്ഥന്നു അധികാരമുണ്ടോ എന്നിവയാണ് മററു ചോദ്യങ്ങൾ. അങ്ങിനെ ഉറപ്പ് നൽകാമെങ്കിൽ അതു നൽകിയ വിവരം എന്തുകൊണ്ട് മദ്ധ്യപ്രദേശ് ഗവർമ്മേണ്ടിനെ അറിയിച്ചില്ല? അഥവാ വളരെയധികം പ്രസിദ്ധീകരണം നൽകിക്കൊണ്ടുള്ള അറസ്റ്റ് ഒരു എലക്ഷൻ ''സ്റ്റണ്ട്'' മാത്രമാണോ?

ആൻഡേഴ്സനോട് നന്നായി പെരുമാറായ്ക വഴി ഇന്ത്യ—അമേരിയ്ക്ക ബന്ധം വഷളാകാൻ ഇടയാക്കരുത് എന്നാണ് ഇതു സംബന്ധിച്ചു കേൾക്കുന്ന ഒരു വാദം. രണ്ടായിരത്തി അഞ്ഞൂറിലേറെ ആളുകളുടെ മരണവും പതിനായിരക്കണക്കിൽ ആളുകളുടെ ദുരിതവുംകൊണ്ട് ഉലയാത്തതാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള സൗഹൃദബന്ധമെങ്കിൽ ഈ നാട്ടിൽ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് കൈക്കൊള്ളുന്ന ഒരു സാധാരണ നടപടിയുടെ കാര്യത്തിൽ അത്രമേൽ ആശങ്കയ്ക്കവകാശമുണ്ടോ? ഇന്ത്യയുടെ സൗമനസ്യത്തിന്നുവേണ്ടി അമേരിയ്ക്കയോ, മറെറതെങ്കിലും രാജ്യമോ അവരുടെ നിയമങ്ങളിൽ വിട്ടുവീഴ്ച ചെയ്യാറില്ലെന്നതാണ് നമ്മുടെ അനുഭവം. ഇന്ദിരാഗാന്ധിയുടെ കൊലപാതകത്തെ തുടർന്നു അമേരിയ്ക്ക, ബ്രിട്ടൻ തുടങ്ങിയ നാടുകളിൽ ആഹ്ളാദ നൃത്തം ചവിട്ടിയ സിക്കു തീവ്രവാദികൾ സസുഖം വാഴുന്നതു അതതു നാടുകളിലെ നിയമാവലിയുടെ തണലിലാണ്.

എന്നാൽ ബഹുരാഷ്ട്രസ്ഥാപനങ്ങളെ തൃപ്തിപ്പെടുത്താൻ വേണ്ടി, നാം നമ്മുടെ നിയമങ്ങളിലും ചട്ടങ്ങളിലും മായം ചേർക്കുന്നത് ഇതാദ്യത്തെ തവണയല്ല. അങ്ങിനെ മായം ചേർക്കൽ മുമ്പ് നടന്നിരുന്നില്ലെങ്കിൽ ഇത്ര വലിയൊരു ദുരന്തം ഇപ്പോൾ ഭോപ്പാലിൽ സംഭവിയ്ക്കുമായിരുന്നില്ല. ഇത്തരം മാരക വസ്തുക്കൾ ഉല്പാദിപ്പിയ്ക്കുന്ന യന്ത്രശാലകൾ, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലോ, നദികളുടേയോ ഗതാഗതമാർഗ്ഗങ്ങളുടേയോ സമീപത്തോ സ്ഥാപിയ്ക്കാൻ പാടില്ലെന്നു പരിസ്ഥിതി സംരക്ഷണ വകുപ്പിന്റെ വ്യക്തമായ ചട്ടങ്ങളുണ്ട്. ഏതെങ്കിലും വ്യവസായശാല, ഈ ചട്ടങ്ങൾ ലംഘിച്ചിട്ടുണ്ടോ എന്നു നോക്കാനുള്ള ബാദ്ധ്യത സർക്കാരിന്നു തന്നെയാണ്. അതൊന്നും ആരും കാര്യമായെടുത്തിട്ടില്ലെന്നു പ്രത്യക്ഷത്തിൽത്തന്നെ വ്യക്തമാണ്. അതുപോലെ യന്ത്രശാലകൾക്കകത്തുള്ള രക്ഷാ ഏർപ്പാടുകൾ വേണ്ട വിധത്തിൽ പ്രവർത്തിയ്ക്കുന്നുണ്ടോ എന്നും പുറമെ നിന്നുള്ള ഏജൻസികൾ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന്നു സംവിധാനം വേണം. യന്ത്രശാലകൾ നടത്തുന്നവർക്കു മാത്രമായി അതു വിട്ടുകൊടുത്താൽ വീഴ്ച സംഭവിയ്ക്കും എന്നാണ് അമേരിയ്ക്കയിൽത്തന്നേയുള്ള അനുഭവം. ഭോപ്പാലിലെ ദുരന്തം പല നാടുകളേയും, ഞെട്ടിച്ചിരിയ്ക്കുകയാണ്! സ്വന്തം മണ്ണിലെ യന്ത്രശാലകളിലെ രക്ഷാ ഏർപ്പാടുകളേയും, രക്ഷാ ഏർപ്പാടുകൾക്കാധാരമായ നിയമാവലികളേയും കുറിച്ചു അവർ കൂടുതൽ ജാഗരൂകരായിരിയ്ക്കുന്നു. അത്രയെങ്കിലും ഉണർവ്വ് നമ്മൾക്കും ഉണ്ടായേ മതിയാവൂ.